**ഭരണഘടന (നൂറ്റിരണ്ടാം ഭേദഗതി) ആക്റ്റ്, 2018**

**ഭാരതത്തിന്റെ ഭരണഘടന വീണ്ടും ഭേദഗതി**

**ചെയ്യുന്നതിനുള്ള**

**ഒരു**

**ആക്റ്റ്.**

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിഒൻപതാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. (1) ഈ ആക്റ്റിന് ഭരണഘടന (നൂറ്റിരണ്ടാം ഭേദഗതി) ആക്റ്റ്, 2018 എന്ന് പേര് പറയാവുന്നതാണ്. ചുരുക്കപ്പേരും പ്രാരംഭവും

(2) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഭരണഘടനയുടെ 338-ാം അനുച്ഛേദത്തിൽ, (10)-ാം ഖണ്ഡത്തിൽ, "340-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നിയമിച്ചിട്ടുള്ള ഒരു കമ്മീഷന്റെ റിപ്പോർട്ട് കിട്ടുന്നതിൻമേൽ രാഷ്ട്രപതി ഉത്തരവ് മുഖേന നിർദ്ദേശിക്കുന്ന അങ്ങനെയുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളെപ്പറ്റിയും, കൂടാതെ" എന്ന വാക്കുകളും ബ്രാക്കറ്റു 338-ാം അനുച്ഛേദത്തിന്റെ ഭേദഗതി

കളും അക്കങ്ങളും വിട്ടുകളയേണ്ടതാണ്.

പുതിയ അനുച്ഛേദം 338 ഖ ചേർക്കൽ

3. ഭരണഘടനയുടെ 338 ക അനുച്ഛേദത്തിനുശേഷം, താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:-

ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ

"338ഖ.(1) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങൾക്കായി ദേശീയ പിന്നോക്ക വിഭാഗ കമ്മീഷൻ എന്നറിയപ്പെടുന്ന ഒരു കമ്മീഷൻ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഇതിലേയ്ക്ക് പാർലമെന്റ് ഉണ്ടാക്കിയ ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, കമ്മീഷൻ, ഒരു ചെയർപേഴ്സനും വൈസ് ചെയർപേഴ്സനും മറ്റ് മൂന്ന് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതും, അങ്ങനെ നിയമിക്കപ്പെട്ട ചെയർപേഴ്സന്റെയും വൈസ് ചെയർപേഴ്സന്റെയും മറ്റംഗങ്ങളുടെയും സേവനവ്യവസ്ഥകളും ഉദ്യോഗകാലാവധിയും ചട്ടം മുഖേന രാഷ്ട്രപതി തീരുമാനിക്കാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

(3) കമ്മീഷന്റെ ചെയർപേഴ്സനെയും വൈസ് ചെയർപേഴ്സനെയും, മറ്റംഗങ്ങളെയും തന്റെ കൈയ്യൊപ്പും മുദ്രയുംവച്ച അധികാരപത്രം വഴി രാഷ്ട്രപതി നിയമിക്കേണ്ടതാണ്.

(4) കമ്മീഷന് അതിന്റേതന്നെ നടപടിക്രമങ്ങളെ ക്രമപ്പെടുത്തുവാനുള്ള അധികാരം ഉണ്ടായിരിക്കേണ്ടതാണ്.

(5) (ക) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോ

ക്കമായുള്ള വിഭാഗങ്ങൾക്ക് ഈ ഭരണഘടനപ്രകാരമോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമ പ്രകാരമോ അല്ലെങ്കിൽ സർക്കാരിന്റെ ഉത്തരവ് പ്രകാരമോ വ്യവസ്ഥ ചെയ്തിട്ടുള്ള പരിരക്ഷകൾ സംബന്ധിച്ച എല്ലാ സംഗതികളെക്കുറിച്ചും അന്വേഷിക്കുകയും നിരീക്ഷിക്കുകയും ചെയ്യുകയും അങ്ങനെയുള്ള പരിരക്ഷകളുടെ പ്രവർത്തനത്തെ വിലയിരുത്തുകയും;

(ഖ) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങൾക്കുള്ള അവകാശങ്ങളും പരിരക്ഷകളും ഇല്ലാതാക്കിയത് സംബന്ധിച്ച പ്രത്യേക പരാതികളെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുകയും;

(ഗ) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളുടെ സാമൂഹിക - സാമ്പത്തിക വികസനത്തിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും യൂണിയന്റെയോ ഏതെങ്കിലും സംസ്ഥാനത്തിന്റെയോ കീഴിലുള്ള അവരുടെ വികസനത്തിന്റെ പുരോഗതി വിലയിരുത്തുകയും;

(ഘ) ആ പരിരക്ഷകളുടെ പ്രവർത്തനത്തിൻമേലുള്ള റിപ്പോർട്ടുകൾ ഓരോ വർഷവും, കമ്മീഷന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള മറ്റു സമയങ്ങളിലും രാഷ്ട്രപതിക്ക് സമർപ്പിക്കുകയും;

(ങ) അങ്ങനെയുള്ള റിപ്പോർട്ടുകളിൽ ആ പരിരക്ഷകളുടെ ഫലവത്തായ നടപ്പാക്കലിന് യൂണിയനോ ഏതെങ്കിലും സംസ്ഥാനമോ എടുക്കേണ്ട നടപടികളും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും സാമൂഹിക - സാമ്പത്തിക വികസനത്തിനുമുള്ള മറ്റു നടപടികളും സംബന്ധിച്ച് ശിപാർശകൾ ചെയ്യുകയും;

(ച) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും പുരോഗതിയും സംബന്ധിച്ച് പാർലമെന്റ് ഉണ്ടാക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി രാഷ്ട്രപതി ചട്ടം മുഖേന നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുകയും,

ചെയ്യുന്നത് കമ്മീഷന്റെ കർത്തവ്യമായിരിക്കേണ്ടതാണ്.

(6) രാഷ്ട്രപതി അങ്ങനെയുള്ള എല്ലാ റിപ്പോർട്ടുകളും യൂണിയനെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും, അങ്ങനെയുള്ള ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ, വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

(7) അങ്ങനെയുള്ള ഏതെങ്കിലും റിപ്പോർട്ടോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും സംസ്ഥാന സർക്കാരിനോട് ബന്ധപ്പെട്ട ഏതെങ്കിലും കാര്യം സംബന്ധിച്ചുള്ളതായിരിക്കുന്നിടത്ത് അങ്ങനെയുള്ള റിപ്പോർട്ടിന്റെ ഒരു പകർപ്പ് സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കേണ്ടതും, ആയത്, സംസ്ഥാനത്തെ സംബന്ധിച്ച ശിപാർശകളിൻമേൽ എടുത്തതോ എടുക്കാൻ ഉദ്ദേശിക്കുന്നതോ ആയ നടപടിയും, ശിപാർശകളിൽ ഏതെങ്കിലും അംഗീകരിക്കാത്തതിനുള്ള കാരണങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ, ആയത് വിശദീകരിച്ചുകൊണ്ടുള്ള ഒരു വിവരക്കുറിപ്പ് സഹിതം, അത്, സംസ്ഥാനത്തിന്റെ നിയമനിർമ്മാണമണ്ഡലം മുമ്പാകെ വയ്പിക്കേണ്ടതാണ്.

(8) ഖണ്ഡം (5) - ലെ (ക) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും കാര്യം അന്വേഷിക്കുകയോ, (ഖ) ഉപഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും പരാതിയെക്കുറിച്ച് അന്വേഷണവിചാരണ നടത്തുകയോ ചെയ്യുമ്പോൾ കമ്മീഷന്, ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച് താഴെപ്പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:-

(ക) ഭാരതത്തിന്റെ ഏത് ഭാഗത്തുനിന്നും ഏതൊരാളെയും സമൻ ചെയ്യുന്നതും ഹാജരാക്കിക്കുന്നതും അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നത്;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നത്;

(ഘ) ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ഏതെങ്കിലും കോടതിയിലോ ആഫീസിലോ നിന്ന് ആവശ്യപ്പെടുന്നത്;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ രേഖകൾ പരിശോധിക്കുന്നതിനോ കമ്മീഷനുകൾ പുറപ്പെടുവിക്കുന്നത്;

(ച) രാഷ്ട്രപതി, ചട്ടം മുഖേന നിർണ്ണയിക്കാവുന്ന മറ്റേതൊരു സംഗതിയും.

(9) സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളെ ബാധിക്കുന്ന നയപരമായ എല്ലാ പ്രധാന കാര്യങ്ങളിന്മേലും യൂണിയനും ഓരോ സംസ്ഥാനസർക്കാരും കമ്മീഷനുമായി ആലോചിക്കേണ്ടതാണ്.''

4. ഭരണഘടനയുടെ 342-ാം അനുച്ഛേദത്തിന്ശേഷം, താഴെപ്പറയുന്ന അനുച്ഛേദം ചേർക്കേണ്ടതാണ്, അതായത്:- പുതിയ അനുച്ഛേദം 342 ക ചേർക്കൽ

"342ക. (1) രാഷ്ട്രപതിക്ക് ഏതെങ്കിലും സംസ്ഥാനത്തെയോ യൂണിയൻ പ്രദേശത്തേയോ സംബന്ധിച്ച്, അത് ഒരു സംസ്ഥാനമാണെങ്കിൽ അതിലെ ഗവർണ്ണറോട് ആലോചിച്ചതിനു ശേഷം പൊതുവിജ്ഞാപനം വഴി, ആ സംസ്ഥാനത്തെയോ, യൂണിയൻ പ്രദേശത്തെയോ, അതതുസംഗതിപോലെ, സംബന്ധിച്ചിടത്തോളം ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളായി കരുതേണ്ട സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളെ നിർദ്ദേശിക്കാവുന്നതാണ്.

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങൾ

(2) (1)-ാം ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തിൽ നിർദ്ദേശിച്ചിട്ടുള്ള സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളുടെ കേന്ദ്ര ലിസ്റ്റിൽ, പാർലമെന്റിന്, നിയമം വഴി ഏതെങ്കിലും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങളെ ഉൾപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യാവുന്നതും, എന്നാൽ മുൻപറഞ്ഞപ്രകാരമല്ലാതെ മേൽപ്പറഞ്ഞ ഖണ്ഡപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഒരു വിജ്ഞാപനത്തെ അതിനുശേഷമുള്ള ഏതെങ്കിലും വിജ്ഞാപനത്താൽ വ്യത്യാസപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു."

5. ഭരണഘടനയുടെ 366-ാം അനുച്ഛേദത്തിന്റെ (26ഖ) ഖണ്ഡത്തിന് ശേഷം, താഴെപ്പറയുന്ന ഖണ്ഡം കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:-

366-ാം അനുച്ഛേദത്തിന്റെ ഭേദഗതി

"(26ഗ) "സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായുള്ള വിഭാഗങ്ങൾ" എന്നാൽ ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് 324ക അനുച്ഛേദപ്രകാരം അങ്ങനെയുള്ള പിന്നോക്ക വിഭാഗങ്ങളായി കരുതപ്പെടുന്നവ എന്നർത്ഥമാകുന്നു;"

ഭരണഘടന (നൂറ്റിരണ്ടാം ഭേദഗതി) ആക്റ്റ്, 2018-ന്റെ മലയാള പരിഭാഷ കമ്മീഷൻ പരിശോധന നടത്തി അംഗീകരിച്ചു.

03/12/18

S. H. CHITRA KUMARI
Addl. Law Secretary to Govt.
Law Dept., Govt. Secretariat
on OD as Chairperson
OL(L)C. Thiruvananthapuram

3/12/18

SREEJA. K. S
Additional Law Secretary to Govt.
Govt. Secretariat, on OD as Member
Official Language (Legislative)
Commission, Kerala

Mini Bhaskar
3/12

MINI BHASKAR S.
Additional Law Secretary
Law Department, Secretariat, on OD
as Member to Official Languages
(Legislative Commission)